(ബി) മാദ്ധ്യമ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ 14 വയസ്സിൽ താഴെ പ്രായമുള്ള കുട്ടിയെക്കൊണ്ട് വീട്ടുജോലി ചെയ്യിക്കുന്നതായി ലഭിച്ച പരാതിയിൽ ഉചിതമായ നടപടി എടുക്കുന്നതിന് തൃശ്ശൂർ ജില്ലാ ലേബർ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ വീടുകളിൽ പണിയെടുക്കുന്ന ബാല തൊഴിലാളികളുടെ കേസ്സുകൾ നിലവിലുള്ള നിയമപ്രകാരം ശിക്ഷാർഹമല്ല.

(സി) എല്ലാത്തരം ബാലവേലയും അവസാനിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ബോർഡുകൾ വയ്ക്കുക, സെമിനാറുകളും ചർച്ചകളും നടത്തുക തുടങ്ങിയ പ്രചാരണ പരിപാടികൾ നടത്തി വരുന്നു. ബാലവേല സർവ്വെ നടത്തിയിട്ടുണ്ട്. പരിശോധന ശക്തിപ്പെടുത്തുവാൻ നിർദ്ദേശവും നൽകിയിട്ടുണ്ട്. ബാലവേലയിൽ നിന്നും മോചിപ്പിച്ച കുട്ടികളുടെ പുനരധിവാസത്തിനും ക്ഷേമത്തിനുമായി ഒരു നിയമനിർമ്മാണം എത്രയും പെട്ടെന്ന് കൊണ്ടുവരുവാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) 1986-ലെ ബാലവേല (നിരോധനവും നിയന്ത്രണവും) നിയമത്തിൽ ഹോട്ടലുകളിൽ കുട്ടികളെക്കൊണ്ട് ചില നിയന്ത്രണങ്ങൾക്കുവിധേയമായി ജോലി ചെയ്യിക്കുന്നത് ശിക്ഷാർഹമല്ല. വീട്ടുജോലി ചെയ്യുന്ന കുട്ടികൾ ഈ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ നിയമപരമായി നടപടികൾ സ്വീകരിക്കാൻ കഴിയില്ല. ഇതൊക്കെയാണെങ്കിലും ബാലവേല നിരുത്സാഹപ്പെടുത്തുന്നതിനുള്ള പ്രചാരണ പരിപാടികളും മറ്റും നടത്തുന്നുണ്ട്.

## ബാലവേല നിരോധനവും പുനരധിവാസവും

51 [1356] ശ്രീ. റോഷി അഗസ്റ്റിൻ:

,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാലവേല നിയന്ത്രിക്കുന്നതിന് മതിയായ നിയമം നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ സംസ്ഥാനത്ത് ബാലവേല പരിപൂർണ്ണമായി നിരോധിക്കുന്നതിന് നിയമനിർമ്മാണം നടത്തുമോ എന്നറിയിക്കാമോ;

(സി) ബാലവേലയിൽ നിന്ന് മോചിതരാകുന്ന കുട്ടികളെ പുനരധിവസിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) ഉണ്ട്.

(ബി) 1986-ലെ ബാലവേല (നിരോധനവും നിയന്ത്രണവും) എന്ന നിയമം ഇപ്പോൾ നിലവിലുണ്ട്. ഈ നിയമപ്രകാരം 14 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളെക്കൊണ്ട് കഠിനപ്രയത്നം ആവശ്യമില്ലാത്ത ജോലികൾ ചില വ്യവസ്ഥകൾക്ക് വിധേയമായി ചെയ്യിക്കുന്നത് ശിക്ഷാർഹമല്ല. ഇത് ഒരു കേന്ദ്ര നിയമമാണ്. ബാലവേല പൂർണ്ണമായി നിരോധിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമായി ബാല തൊഴിലാളികളുടെ മോചനവും പുനരധിവാസവും എന്ന പേരിലുള്ള ബിൽ സംസ്ഥാന സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) 10-12-1996-ലെ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ പണിയെടുക്കുന്ന കുട്ടികൾക്ക് തൊഴിലുടമകളുടെ സഹകരണത്തോടെ വിദ്യാഭ്യാസം നൽകുന്നതിന് ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിരുന്നു. ഇതിന്റെ ചുമതല സംസ്ഥാന വിദ്യാഭ്യാസ വകുപ്പിനാണ്. ഈ ആവശ്യത്തിനായി തൊഴിൽ വകുപ്പ് 15 ലക്ഷം രൂപ വിദ്യാഭ്യാസവകുപ്പിനു നൽകിയിട്ടുണ്ട്. ടി വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, ഇടുക്കി ജില്ലകളിൽ എഡ്യൂക്കേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ബാല തൊഴിലാളികളുടെ യഥാർത്ഥ കണക്ക് ശേഖരിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് മുഖേന സമഗ്രമായ ഒരു സർവെ പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത സർവെയുടെ റിപ്പോർട്ടിന്റെയും സർക്കാർ കൊണ്ടുവരുന്ന നിയമനിർമ്മാണത്തിന്റെയും അടിസ്ഥാനത്തിൽ ഉചിതമായ പുനരധിവാസ നടപടികൾ കൈക്കൊള്ളുന്നതാണ്.

## ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിലെ ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികകൾ

52 [1357] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിൽ ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികകളുടെ എണ്ണം അറിയിക്കുമോ;

(ബി) ഈ തസ്തികയിൽ ഇപ്പോൾ എത്ര പേർ ജോലി ചെയ്യുന്നു;

(സി) എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ഡി) നിലവിലുള്ള ഒഴിവുകൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?